**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 300** **23-08-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 1738229, 1738124 എന്നീ നമ്പർ റേഷൻ കടകളാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. കെ-സ്റ്റോർ പദ്ധതി വ്യാപിപ്പിക്കുന്നത് അനുസരിച്ച് കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ കൂടുതൽ റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കെ-സ്റ്റോർ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള റേഷൻ കടകളെ തെരഞ്ഞെടുക്കുന്നത് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ്.<br><br>1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട<br><br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ<br><br>3. 02 കി.മീ ചുറ്റളവിൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത സ്ഥലത്തെ റേഷൻ കടകൾ. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ കൂടുതൽ റേഷൻകടകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ